# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 223** **07.08.2017-ൽ മറുപടിക്ക്**

## മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കെട്ടിട നിർമ്മാണം

**ചോദ്യം** **മറുപടി**

**ശ്രീ.പി.ഉബൈദുള്ള** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയ്ക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് 18.11.2015-ൽ 3717/15 നമ്പർ ഉത്തരവ് പ്രകാരം 345 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണ് ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | എ), ബി) &സി) | 18.11.2015 -ലെ സ.ഉ (സാധാ) നം 3717/15 /ആ.കുവ ഉത്തരവ് പ്രകാരം 345 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പുതിയ കെട്ടിടം പണി ചെയ്യാൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ പഴയ മൂന്നു കെട്ടിടങ്ങൾ (ഓഫീസ് ബിൽഡിംഗ്, കോൺഫറൻസ് ഹാൾ, ലബോറട്ടറി ബിൽഡിംഗ്) പൊളിച്ചു മാറ്റേണ്ടതുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗശൂന്യമായവ അല്ലാത്തതിനാൽ അൺഫിറ്റ് സർട്ടിഫിക്കറ്റ് പി.ഡബ്ല്യുഡി യിൽ നിന്നും ലഭ്യമല്ല. ആയതിനാൽ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള സാങ്കേതിക തടസ്സം നീക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്. |
| ബി) | നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ; | | |
| സി) | കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് എന്നത്തേക്ക് സ്ഥലം കൈമാറുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ